**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4021** **16.12.2014-ൽ മറുപടിയ്ക്ക്**

# ഊർജ്ജ പ്രതിസന്ധി മറികടക്കാൻ കർമ്മ പരിപാടി

ചോദ്യം

ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :

(എ) വൈദ്യുതിയുടെ വിതരണ- പ്രസരണ നഷ്ടം പരമാവധി കുറച്ച് ഊർജ്ജ പ്രതിസന്ധി മറികടക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന കർമ്മ പരിപാടികൾ എന്തെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) വൈദ്യുതിയുടെ പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിന് താഴെ പറയുന്ന സത്വര നടപടികൾ വൈദ്യുതി ബോർഡ് സ്വീകരിച്ചു വരുന്നു.

i) എച്ച്.ടി ലൈനുകളും എൽ.ടി ലൈനുകളും തമ്മിലുള്ള അനുപാതം ഘട്ടം ഘട്ടമായി മെച്ചപ്പെടുത്തുക.

ii) 11 കെ.വി, 33 കെ.വി ശൃംഖലകൾ കൂടുതൽശക്തിപ്പെടുത്തുക.

iii) കൂടുതൽവിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

iv) കൂടുതൽ സബ് സ്റ്റേഷനുകളും, പ്രസരണ ലൈനുകളും സ്ഥാപിക്കുക.

v) എൽ.ടി ലൈനിലും, എച്ച്.ടി ലൈനിലുമുള്ള പഴയ കണ്ടക്ടറുകൾ മാറ്റി മെച്ചപ്പെട്ട ശേഷിയുള്ള പുതിയ കണ്ടക്ടറുകൾസ്ഥാപിക്കുക.

vi) സിസ്റ്റം പവർഫാക്ടർ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

vii) കേടായ എനർജി മീറ്ററുകളും ഇലക്ട്രോമെക്കാനിക്കൽ മീറ്ററുകളും മാറ്റി പുതിയ ഇലക്ട്രോണിക് മീറ്ററുകൾസ്ഥാപിക്കുക.

viii) ബോർഡിലെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക.

ix) ഉപഭോക്താക്കൾക്ക് ബില്ലുകൾനൽകുന്നതും റവന്യൂകളക്ഷനും പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുക.

x) എനർജി ആഡിറ്റ് (ഫീഡർതലത്തിലും ട്രാൻസ്ഫോർമർതലത്തിലും) കൂടുതൽ വ്യാപകമാക്കുക.

മേൽപ്പറഞ്ഞ നടപടികൾ വഴി, 2001-02 ലെ പ്രസരണ വിതരണ നഷ്ടം 30.76%

ആയിരുന്നത് 2013-14 ൽ. 14.96% ആയി കുറയ്ക്കുന്നതിന് വൈദ്യുതി ബോർഡിന് സാധിച്ചു.

ഊർജ്ജ സംരക്ഷണം ലക്ഷ്യമിട്ട് സംസ്ഥാന വൈദ്യുതി ബോർഡ് എനർജി സേവിംഗ്സ് കോ-ഓർഡിനേഷൻ ടീം (എസ്കോട്ട്) എന്ന വിഭാഗം രൂപീകരിക്കുകയും ലാഭപ്രദ ഉൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. എസ്കോട്ടിന്റെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ, കോളേജ്, റസിഡൻസ് അസോസിയേഷനുകൾ ഇവയുമായി സഹകരിച്ച് ഊർജ്ജ സംരക്ഷണബോധവൽക്കരണ പരിപാടികൾ, എൽ.ഇ.ഡി.ബൾബുകളിലൂടെ ഉള്ള ഊർജ്ജ സംരക്ഷണ പ്രചാരണം, ഊർജ്ജ സംരക്ഷണ സന്ദേശം ഉൾക്കൊള്ളുന്ന പോസ്റ്റർ, വീടുകളിലെ വൈദ്യുത ഉപകരണങ്ങളിലെ ഊർജ്ജസംരക്ഷണം ഉദ്ദേശിച്ചുള്ള ലഘുലേഖകൾ എന്നിവ തയ്യാറാക്കി വിതരണം ചെയ്യൽ, ഐസ് പ്ലാന്റുകളിലെ ഊർജ്ജ സംരക്ഷണം, കായൽനിലങ്ങളിലും കൃഷി ഇടങ്ങളിലും വെള്ളം പമ്പ് ചെയ്തു മാറ്റുന്നതിലെ ഊർജ്ജസംരക്ഷണം, എനർജി ആഡിറ്റിംഗ് വിതരണ ലൈനുകളിലെ ഊർജ്ജ സംരക്ഷണം മുതലായവ നടപ്പിലാക്കി വരുന്നു.

പ്രസരണ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി 2013-14 വർഷം 10 സബ്സ്റ്റേഷനുകളും 159.502 കി.മീ. ലൈനും പുതുതായി സ്ഥാപിച്ചു,

പ്രസരണ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ലക്ഷ്യമിട്ട് സംസ്ഥാന ഗവൺമെന്റ് 'മിഷൻ 676' പദ്ധതിയിൽ ഉൾപ്പെടുത്തി മുൻഗണനാക്രമത്തിൽ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള 16 പുതിയ/അപ്ഗ്രേഡഡ് സബ്സ്റ്റേഷനുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനും 39 പുതിയ/ അപ്ഗ്രേഡഡ് സബ്സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനും ലക്ഷ്യ മിട്ടിട്ടുണ്ട്. ഇതിൽ രണ്ട് സബ്സ്റ്റേഷനുകൾ ഇതിനകം പൂർത്തിയാക്കി കമ്മീഷൻചെയ്തു.

(ബി) ഏറ്റവും കുറഞ്ഞ നിരക്കിൽ, പവർകട്ട് ഏർപ്പെടുത്താതെ വൈദ്യുതി വിതരണം ചെയ്ത് സംസ്ഥാനത്ത് കൂടുതൽ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരുന്നതിന് സഹായകരമായ ഊർജ്ജനയം നടപ്പാക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

സംസ്ഥാനത്ത് ഏറ്റവും കുറഞ്ഞ നിരക്കിൽ പ വർകട്ട് ഏർപ്പെടുത്താതെ വൈദ്യുതി വിതരണം ചെയ്യുന്നതിനായി ദീർഘകാലാടിസ്ഥാനത്തിൽ താഴെ പറയുന്ന അടിയന്തിര നടപടികൾവൈദ്യുതി ബോർഡ് സ്വീകരിച്ചിട്ടുണ്ട്.

- ടാറ്റ, മൈത്തൺകമ്പനിയിൽ നിന്നും 150 മെഗാവാട്ട് വൈദ്യുതി 25 വർഷത്തേയ്ക്ക് കേന്ദ്ര കമ്മീഷൻ അംഗീകരിക്കുന്ന നിരക്കിൽ വാങ്ങുന്നതിന് കരാറിലേർപ്പെട്ടിട്ടുണ്ട്.
- 250 മെഗാവാട്ട് വൈദ്യുതി ദാമോദർവാലി കോർപ്പറേഷനിൽനിന്നും കേന്ദ്ര കമ്മീഷൻ അംഗീകരിക്കുന്ന നിരക്കിൽ 25 വർഷത്തേയ്ക്ക് ദീർഘകാലാടിസ്ഥാനത്തിൽ വാങ്ങുന്നതിന് 2013-14 ൽകരാറിലേർപ്പെട്ടിട്ടുണ്ട്.
- 850 മെഗാവാട്ട് വൈദ്യുതി മത്സരാധിഷ്ഠിത ടെൻഡർ മുഖേന ദീർഘകാലാടിസ്ഥാനത്തിൽ 25 വർഷത്തേയ്ക്ക് വാങ്ങുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ട്. ഇതിനുള്ള കരാർ 2014 ഡിസംബർ അവസാനത്തോടു കൂടി ഒപ്പു വയ്ക്കുന്നതായിരിക്കും.

ഇതു കൂടാതെ ചീമേനിയിൽ കൽക്കരി/എൽ.എൻ.ജി ഉപയോഗിച്ചുള്ള ഒരു താപ വൈദ്യുതിനിലയം സ്ഥാപിക്കാനുള്ള നടപടികൾ പരിശോധിച്ച് വരുന്നുണ്ട്. വൈദ്യുതി ബോർഡിന്റെ ബി.ഡി.പി.പി. നിലയം, എൽ.എൻ.ജി. അടിസ്ഥാനമാക്കിയിട്ടുള്ള ഒരു നിലയമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു വൈദ്യുതി ബോർഡ് തന്നെ ഏതാണ്ട് 300 മെഗാവാട്ടോളം സ്ഥാപിതശേഷിയുള്ള പുതിയ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നുണ്ട്. ഇതുകൂടാതെ സൗരോർജ്ജ നിലയങ്ങളിൽനിന്നും കൂടുതൽ വൈദ്യുതി ഉത്പ്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ.**